# ബാല്യവിലാപങ്ങൾ

## ഗ്രേസി ജോർജ്ജ് (കവിത)

കാടിൻറെയുള്ളിലും
മരത്തിൻറെ പൊത്തിലും
പാറതൻ വിടവിലും
എത്രയോ പെൺബാല്യങ്ങൾ
മരിച്ചുറങ്ങീടുന്നു
കല്ലായ്,മഴയായ്,മിന്നലായഗ്നിയായ്
പലരൂപേ മനിതർ തൻ
മനസ്സിൽ വാഴുന്നോരീ
ദൈവങ്ങൾക്കുമീ
ബാല്യവിലാപങ്ങൾ
കേട്ടുമടുത്തില്ലേയോ...?
മനുഷ്യർതൻ കരവിരുതുകളാൽ
പലരൂപേ മെനയുന്ന
ദൈവങ്ങൾക്കുമീ
ബാല്യവിലാപങ്ങളൊരു
യുഗ്മഗാനങ്ങളാകുന്നുവോ
വികലമാം മനസ്സുകൾ-
ക്കടിമയായമരുന്ന
ബാല്യവിലാപങ്ങൾ
എന്ന് തീർന്നീടുമോ....?

---